# ദളങ്ങൾ



എസ്സ്.എം.എച്ച്.എസ്സ്.എസ്സ്.കൊട്ടറ

# ദളങ്ങൾ

ശങ്കരമംഗലം ഹയർ സക്കന്ററി സ്കൂൾ  കൊട്ടറ

ലിറ്റിൽ കൈറ്റ്സ്

ഐ ടി ക്ലബ്

നമ്പർ   LK/2018/39030

# ആശംസകളോടെ....

കൊട്ടാര ശങ്കരമംഗലം ഹയർസെക്കന്ററി
സ്കൂൾ  ലിറ്റിൽ കൈററ്സിന്റെ ന്റെ ആഭിമുഖ്യത്തിൽ
ആധുനിക സാങ്കേതിക വിദ്യകളുപയോഗിച്ച്
''  ദളങ്ങൾ'' എന്ന പേരിൽ ഒരു ഡിജിറ്റൽ
മാഗസീൻ തയ്യാറാക്കുന്ന വിവരം അറിഞ്ഞു.
കുട്ടികൾ നടത്തുന്ന ഈ പ്രവർത്തനത്തിന്
എല്ലാവിധ ആശംസകളും നേരുന്നു.

Minigeorge
Headmistress

എഡിറ്റോറിയൽ.....

പ്രീയ വിദ്യാർത്ഥികളെ വിദ്യാഭ്യാസം എന്നത് വെറും പഠനം മാത്രമല്ല   അതിൽ സാഹിത്യത്തിനും കലയ്ക്കും തുല്യ പ്രാധാന്യമുണ്ട്. കുട്ടികളിൽ മാനുഷിക മൂല്യങ്ങൾ വളർത്തുന്നതിനും വ്യക്തിത്വ വികസനത്തിനും ഇവ വളരെയേറെ പ്രയോജനം ചെയ്യുന്നുണ്ട്. "**ദളങ്ങളി**"ലൂടെ നിങ്ങളുടെ ഭാവനകൾ ചിറകുവിരിക്കാൻ കഴിയട്ടെ എന്നാശംസിക്കുന്നു.

Chief Editor

# താളുകളിലൂടെ...................


.1. രാത്രിമഴ 6

.2. സൈബർസുരക്ഷയെകുറിച്ച്അറിയൂ 7

.3. മഹത് വചനങ്ങൾ 8

.4. കുസൃതിച്ചോദ്യങ്ങൾ 9

.5. ഫീനിക്സ് പക്ഷികൾ 10

.6. മോഹനം 11

.7. കുഞ്ഞുണ്ണി മാഷിന്റെ കവിതകൾ 12

.8. പ്രകൃതിയിലെ പാഠങ്ങൾ 13

.9. വരകളിലൂടെ 14

# രാത്രിമഴ

മന്ദം മന്ദമായി ചൊരിയുന്ന
വെള്ളി നൂലിൻ നിലയിൽ
കാണാൻ ശോഭയേകും
മഴയല്ലോ നീ
രാത്രിയിൽ കുളിർമയേകും
മണ്ണിൻ മണമുയർത്തും
നിൻ കാൽ ശബ്ദം മധുരമേകും
നീ കാരണത്താൽ ഹരിത മയം ഉണരും
വാനിൽ കുളിർമ്മയേകി വിണ്ണിൻ
നിൻ കൂടെ കളിക്കും പൈതങ്ങൾ
നിന്റെ വരവ് അവരിൽ ഭീതിയും
സന്തോഷവുമുണർത്തുന്ന

ഷെഹിന ആർ
9 B

# സൈബർസുരക്ഷയെകുറിച്ച്അറിയൂ.....

ഇൻറർനെറ്റ് ഇന്ത്യയും സോഷ്യൽ നെറ്റ് വർക്കിംഗ് സൈറ്റുകളിലൂടെയും ഉപയോഗത്തെക്കുറിച്ച് നമുക്കറിയാം ആശയവിനിമയത്തിനും വിനോദത്തിനും അറിവ് നേടുന്നതിനും എല്ലാം ഇവയുടെ അനന്തസാധ്യത നാം നേരിട്ട് അറിഞ്ഞിട്ടുള്ള ആണല്ലോ എന്നാൽ കുറച്ചു കാലമായി വിദ്യാർഥികളും കൗമാരക്കാരായ ചിലരെങ്കിലും സോഷ്യൽമീഡിയയുടെ ചൂഷിത വലയത്തിൽപെടുന്നതായി നാം കാണുന്നു. ഇത്തരത്തിൽ ഇതിൽ ഇരകളാകുന്നത് നിന്നും സ്വയം രക്ഷ നേടുന്നതിനും സംരക്ഷിക്കുന്നതിനും ഓരോരുത്തർക്കും കഴിയേണ്ടതുണ്ട് ഇതിനായി ഓൺലൈൻ പ്രവർത്തനങ്ങളിൽ ഏർപ്പെടുമ്പോൾ ചില സുരക്ഷാ മാർഗ്ഗങ്ങൾ നാം സ്വീകരിക്കേണ്ടതുണ്ട് .

## സോഷ്യൽ നെറ്റ്‌വർക്കിംഗ് സൈറ്റുകൾ അപകടകാരികളാകുന്നതെപ്പോൾ....

ഒരാളുടെ സ്വകാര്യ വിവരങ്ങൾ എല്ലാംപോസ്റ്റ്ചെയ്യുകയും ഷെയർ ചെയ്യുകയും ചെയ്യുമ്പോൾ പ്രത്യേകിച്ച് ഫോൺ നമ്പർ അഡ്രസ് സ്ഥലം ഫോട്ടോകൾതുടങ്ങിയവഒരാളുടെ പ്രൊഫൈൽ കണ്ട് അയാളെ വിശ്വസിക്കുമ്പോൾ മിക്കപ്പോഴുംനൽകിയിട്ടുള്ള പ്രൊഫൈൽ വ്യാജവും അസത്യമായിരിക്കും ചാറ്റിന്റെ സ്നാപ്ഷോട്ടുകൾ, ഫോട്ടോകൾ, വീഡിയോകൾ എന്നിവ സേവ് ചെയ്യുന്നതും ഭാവിയിൽ അത് ബ്ലാക്ക്മെയിലിംഗിനും, ഭീഷണിക്കുംഉപയോഗിക്കുമ്പോൾ.ഒരാളുടെ വ്യക്തിത്വം കളങ്കപ്പെടുത്താൻഉദ്ദേശിച്ച്തെറ്റായവിവരങ്ങൾകമൻറുകൾപോസ്റ്റുകൾ ,ഫോട്ടോകൾ എന്നിവയിലൂടെ സൈബർ ഭീഷണി ഉയർത്തുമ്പോൾ കുട്ടികളെ വലയിലാക്കി ഇരകളാകുന്നതിന് മുതിർന്നവരും കഴുകൻ കണ്ണുള്ളവരുമായി നിരവധിപേർ സമൂഹത്തിലുണ്ട് .

## സുരക്ഷിതമായ സോഷ്യൽ നെറ്റ്‌വർക്കിംഗിനുള്ള നിർദ്ദേശങ്ങൾ

നിങ്ങൾ നിങ്ങളുടെ വ്യക്തിപരമായ വിവരങ്ങൾ വ്യക്തിപരമായി സൂക്ഷിക്കുക നിങ്ങളുടെ സെറ്റിംഗ്സ് കസ്റ്റമൈസ് ചെയ്യുക .മറ്റുള്ളവർക്ക് നിങ്ങളുടെ ബേസിക് ഇൻഫോ മാത്രം കാണാൻ അവസരം നൽകുക.നിങ്ങളുടെ സുഹൃത്തുക്കളെ അറിയുക എന്നതിൽ മാത്രം ചിന്തിക്കുക .ഓൺലൈൻ സുഹൃത്തുക്കളെ വിശ്വസിക്കരുത് സന്ദർശനം മാത്രമായി ചുരുക്കുക .നിങ്ങൾക്ക് ഇഷ്ടമില്ലാത്ത പോസ്റ്റുകൾ കണ്ടാൽ അത്തരം പോസ്റ്റുകൾ ലഭിക്കുന്നതിനുള്ള അതൃപ്തി നിങ്ങളുടെ സുഹൃത്തിനോട് തുറന്നു പറയുക . നിങ്ങളെ തിരിച്ചറിയാൻ കഴിയുന്ന തരത്തിലുള്ള സ്വകാര്യവിവരങ്ങൾ പോസ്റ്റ് ചെയ്യാതിരിക്കുക ശക്തിയുള്ള പാസ്‌വേഡുകൾ ഉപയോഗിക്കുക നിങ്ങളുടെ സുഹൃത്തുക്കൾക്ക് ഷെയർ ചെയ്യാതിരിക്കുക നിങ്ങളുടെ ചിത്രങ്ങൾ ഇമെയിൽ വിവരങ്ങൾ മുതലായവ മറ്റുള്ളവർക്ക് ഷെയർ ചെയ്യാതിരിക്കുക നിങ്ങളുടെ സ്വകാര്യ സന്ദേശങ്ങൾ സ്വകാര്യമായി വയ്ക്കുക ഒരു പോസ്റ്റ് ചെയ്താൽ അത് പ്രസിദ്ധം ആകും.

ADITHYA V
9 D

# മഹത് വചനങ്ങൾ

| | |
|---|---|
| നിങ്ങൾ എനിക്ക് രക്തം തരൂ, ഞാൻ നിങ്ങൾക്ക് സ്വാതന്ത്ര്യം തരാം | സുഭാഷ് ചന്ദ്ര ബോസ് |
| സ്വാതന്ത്ര്യം എൻ്റെ ജന്മസിദ്ധമായ അധികാരമാണ് | ബാലഗംഗാധര തിലക് |
| കർത്തവ്യ ബോധം നല്കുന്നതാണ് യഥാർത്ഥ വിദ്യാഭ്യാസം | ഗാന്ധിജി |
| ഓരോ വിദ്യാലയവും വിശുദ്ധിയുടെ സ്ഥലമാണ് | ഗാന്ധിജി |
| മനുഷ്യരിലുള്ള സമ്പൂർണ്ണതയുടെ ആവിഷ്കാരമാണ് വിദ്യാഭ്യാസം | സ്വാമി വിവേകാനന്ദൻ |
| ഒരു ജാതി, ഒരു മതം, ഒരു ദൈവം മനുഷ്യന് | ശ്രീനാരായണഗുരു |
| പ്രകൃതിയിൽ നിന്നും കിട്ടുന്ന പരിശീലനമാണ് വിദ്യാഭ്യാസം | പാണിനി |
| വിദ്യാഭ്യാസത്തിൻ്റെ കാതൽ ചിന്തയത്രേ – | ഗാന്ധിജി |
| ഭീരുത്വം ക്രൂരതയുടെ മാതാവാണ് | ഗാന്ധിജി |

രാഹുൽ പ്രസാദ്
9 c

# കുസൃതിച്ചോദ്യങ്ങൾ

| | |
|---|---|
| ലൈസൻസില്ലാത്ത ഡ്രൈവർ | സ്ക്രൂ ഡ്രൈവർ |
| വിതറാൻ പറ്റാത്ത വളം | കോവളം |
| ഭാഗ്യമുള്ള നഗരം | ലക്നൗ |
| വിരലിടാൻ പറ്റാത്ത റിംഗ് | വയറിംഗ് |
| ആവശ്യമുള്ളപ്പോൾ വലിച്ചെറിയും<br>ആവശ്യമില്ലാത്തപ്പോൾ സൂക്ഷിച്ച് വയ്ക്കും | മീൻ വല |
| കൊണ്ട് നടക്കാൻ പറ്റാത്ത കുടയേത് | ഇരിങ്ങാലക്കുട |

ആദർശ് എസ്
9 C

## ഫീനിക്സ് പക്ഷികൾ..........

പുരാണ കഥകളിൽ നിന്നുൾപ്പെടുത്തി മനുഷ്യർക്കെല്ലാം പ്രചോദനമേകുന്ന മാന്ത്രിക പറവയാണ് ഫീനിക്സ് പക്ഷി സ്വയമൊരുക്കുന്ന ചിതയിൽ നിന്ന് ഉയർത്തെഴുന്നേറ്റ് ഫീനിക്സ് പക്ഷിലോകമെമ്പാടുമുള്ള ജനങ്ങൾക്ക് ഒരു മാതൃകയാണ്. ഇന്നും നമ്മുടെ പ്രപഞ്ചത്തിൽ ഫീനിക്സ് പക്ഷികൾ മനുഷ്യരൂപം പ്രാപിച്ച് ജീവിക്കുന്നുണ്ട്. സാഹചര്യങ്ങളെയും ദുരിദാവസ്ഥകളെയും പഴിക്കാതെ വിധിയെന്ന ചിതയിൽ നിന്നും ഉയിർത്തെഴുന്നേൽക്കുന്ന അനവധി മനുഷ്യരെ നമുക്ക് കാണാം ഏത് പ്രതിസന്ധികളേയും നേരിടാനുള്ള ശക്തി പ്രാപിച്ച് ഫീനിക്സ് പക്ഷിയെപ്പോലെ നാം ഉയിർത്തെഴുന്നേൽക്കണം.

അനഘ എ

9 B

## മോഹനം........

മാനുജന്മാർ ഈ ലോകത്തിലുള്ളവ

യൊക്കെയും മോഹിച്ചീടുന്നു

മാമലമേലുള്ള ചന്ദ്രനേയും

കത്തിജജ്വലിക്കുമിനത്തെയും

കാതങ്ങൾ താണ്ടും കടലിനേയും

കത്തിയെരിഞ്ഞ കനലിനെയും

ഇലകൾ പറക്കും വേനലിനെയും

കുളിർമ്മയാകുന്ന ശിശിരത്തേയും

പൂക്കൾ ചിരിക്കും വസന്തത്തെയും

മേഘത്തിന് കണ്ണീരാം മഴക്കാലത്തെയും

നേടാൻ കഴിയില്ലെന്നറിഞ്ഞിട്ടും

നേടാൻ ആഗ്രഹിക്കുന്ന

മോഹനപ്രീയരായ മക്കളാണ്

ജഗത്തിലെ സർവ്വവും

ഷെഹിന ആർ

9 B

# കുഞ്ഞുണ്ണി മാഷിന്റെ കവിതകൾ



അമ്മിയെന്നാലര കല്ല്
അമ്മയെന്നാലമ്മിഞ്ഞക്കല്ല്

ജനിക്കും നിമിഷം തൊട്ടെൻ
മകനിംഗ്ലീഷ് പഠിക്കണം
അതിനാൽ ഭാര്യതൻ പേറ-
ങ്ങിംഗ്ലണ്ടിൽത്തന്നെയാക്കി ഞാൻ

പൂച്ചയ്ക്ക് പുറമുണ്ട്
പുറം പൂച്ചിനകമില്ല

പണ്ടത്തെ നമ്പൂരി
അച്ഛനെ അച്ഛനാക്കി
അപ്പനെ അപ്പനാക്കി
മകനേയും മകളേയും മഹനും മഹളുമാക്കി
ലേശമൊരു കുരുത്തം ബാക്കിയുണ്ടാ
യിരുന്നതുകൊണ്ട്
അമ്മയെ അഹമയാക്കിയില്ല
പുതിയ നമ്പൂരി അതും ചെയ്തു
അമ്മയെ മമ്മിയാക്കി

ഇരുട്ടിനൊന്നേ നിറം
വെട്ടത്തിന്നനേകവും

കിഴക്ക് പടിഞ്ഞാറു നടപ്പൂ സൂര്യൻ, തെക്കു
വടക്കു നടക്കലാണെനിക്കെപ്പോഴും ജോലി

ഇത്രകാലവും നമ്മൾ മുഷ്ടി കൊണ്ടിടിച്ചിട്ടും
ഇങ്കലാബെന്ന വാക്ക് മലയാളമായില്ല

തുപ്പലിൽ കപ്പലോടിക്കാൻ
കെല്പുള്ളോർ ബഹു മന്ത്രിമാർ

പെണ്ണുകാണാൻ പോകുമ്പോൾ കണ്ണു മാത്രം
പോര കണ്ണാടിയും കയ്യിൽ കൊണ്ടു പോണം

മാധവ് എം എസ്
9 C

# പ്രകൃതിയിലെ പാഠങ്ങൾ..........

ഒരിക്കൽ ഗുരുകുല വിദ്യാഭ്യാസ കാലത്തിൽ ശിഷ്യൻമാരെ പഠിപ്പിച്ചു കൊണ്ടിരിക്കുകയായിരുന്നു ഗുരു.സന്ധ്യാസമയമായിരുന്നു ഉമ്മറപടിയിൽ ഒരു പക്ഷി വന്ന് ഇരിക്കുകയും അതിൻ്റെ മൃദുലമായ സ്വരത്തിൽ പാട്ട് പാടുകയും ചെയ്തു. പക്ഷി പാട്ട് നിർത്തിയപ്പോൾ ഗുരു ശിഷ്യൻമാരോടായി പറഞ്ഞു ഇന്നത്തെ പഠനം കഴിഞ്ഞു ഇനി അടുത്ത ആഴ്ചയിൽ വരാൻ. ഒന്നും മനസ്സിലാകാതെ ശിഷ്യൻമാർ മുഖത്തോട് മുഖം നോക്കി നിന്നു .

ഈ ലോകത്തിലുള്ള എല്ലാ ജീവജാലങ്ങളും നമ്മെ ഓരോരോ പാഠങ്ങൾ പഠിപ്പിക്കുന്നുണ്ട്. പുസ്തകത്തിലെ പാഠങ്ങൾ മാത്രമല്ല അതിനപ്പുറം നമ്മൾ മനസ്സിലേക്കേണ്ട ഒരു പാട് കാര്യങ്ങൾ ഉണ്ട് എന്ന് നമുക്ക് മനസ്സിലാക്കാം.

ദേവനന്ദ
9 D

# വരകളിലൂടെ.......


Ayisha
Muhammed Rafi
V.C






"നേർക്കാഴ്ച"
Submitted by : Anusree R.S
Class : VIII : E
School : S.M.H.S.S
Kottara
STAY AT HOME
AMBULANCE
FIGHT CORONA






HANAFATHIMA VI B





